"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ്- സമാശ്വാസ തൊഴിൽ ദാന പദ്ധതി - കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് വർക്കർ - മരണപ്പെട്ട എസ് മാരിയപ്പന്റെ മകൾ ശ്രീമതി എം വള്ളിയമ്മ- മുനിസിപ്പൽ കോമൺ സർവ്വീസിൽ കണ്ടിൻജന്റ് വർക്കർ തസ്തികയിൽ നിയമനം നല്കുന്നതിന് അനുമതി നല്കി- ബഹു കേരള ഹൈക്കോടതിയുടെ WP(C).No.27303/2019 ഹർജിയിൽ 17/12/2019 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(ഇ.യു) വകുപ്പ്

സ.ഉ.(കൈ) നം.153/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 12/10/2020

പരാമർശം:- 1. 24/05/1999 തീയതിയിലെ സ.ഉ(പി)നം.12/99/ഉ.പ.ഭ.വ ഉത്തരവ്.
2. ശ്രീമതി എം വള്ളിയമ്മ സമർപ്പിച്ച 13.12.2018 തീയതിയിലെ അപേക്ഷ.
3. നഗരകാര്യ ഡയറക്ടറുടെ 12.12.2019 തീയതിയിലെ ഇ4-13795/2019 നമ്പർ കത്ത്.
4. സ.ഉ.(കൈയെഴുത്ത്) നം. 5/2018/ഉ.ഭ.പ.വ. തിയതി. 21.02.2018.
5. എറണാകുളം ജില്ലാ കളക്ടറുടെ 30.07.2020 ലെ ഇ-319422/20 നമ്പർ കത്ത്.
6. ബഹു കേരള ഹൈക്കോടതിയുടെ WP(C).No.27303/2019 ഹർജിയിൽ 17.12.2019 തീയതിയിലെ വിധിന്യായം .

<u>ഉത്തരവ്</u>

1. ബഹു കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായം ചുവടെ പറയും പ്രകാരം ഉത്തരവായി .

'There shall be a direction to the 1 st respondent to consider and pass orders on Ext.P1 application of the petitioner and communicate the same to the Corporation within a period of one month from the date of receipt of a copy of judgement. On receipt of the orders from the Government the 3rd respondent shall implement the same without any delay and at any rate,within a further period of one month '

2. ആയതിൻ പ്രകാരം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവേ 01.06.2018 തീയതിയിൽ മരണപ്പെട്ട എസ് മാരിയപ്പന്റെ മകൾ ശ്രീമതി എം വള്ളിയമ്മ അപേക്ഷ സമർപ്പിച്ചിരുന്നു. എസ് മാരിയപ്പന്റെ സേവനകാലം 30 വർഷവും 2 മാസവും 29 ദിവസവുമാണ്. പരേതന്റെ ജനനത്തീയതി, സർവ്വീസിൽ പ്രവേശിച്ച തീയതി എന്നിവ യഥാക്രമം 28.02.1959 , 02.03.1988 ആണ്. നഗരകാര്യ ഡയറക്ടറും എറണാകുളം ജില്ലാ കളക്ടറും അപേക്ഷകയ്ക്ക് ജോലി നല്കുന്നതിന് ശിപാർശ ചെയ്തിട്ടുണ്ട്.

3. അപേക്ഷക 2-ാം തരം വരെ പഠിച്ചിട്ടുണ്ട്. ടിയാളുടെ ജനനത്തിയതി 25.10.1985 ആണ്. ജോലി ലഭിക്കുന്നതിനായുള്ള അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ടിയാരി സമർപ്പിച്ചിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരും തന്നെ അപേക്ഷിച്ചിട്ടില്ലായെന്നും മറ്റാർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകയും എറണാകുളം ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. അപേക്ഷക വിവാഹിതയാണ്. ശ്രീമതി എം വള്ളിയമ്മ പരേതനായ പി. എസ്. മാരിയപ്പനെ ആശ്രയിച്ച് കഴിയുകയായിരുന്നുവെന്ന് രാമേശ്വരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി എം വള്ളിയമ്മയ്ക്ക് ജോലി നല്കുന്നതിൽ എതിർപ്പില്ലായെന്ന് പരേതന്റെ മറ്റവകാശികൾ സമ്മതപത്രം ഒപ്പിട്ടു നല്കിയിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം 28.000/- രൂപയാണെന്ന് (ഇരുപത്തിയെണ്ണായിരം രൂപ മാത്രം)

രാമേശ്വരം വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പരാമർശം 4 പ്രകാരം ആശ്രിതരെ സംരക്ഷിച്ചുകൊള്ളാമെന്നുള്ള സമ്മതപത്രം ടിയാരി സമർപ്പിച്ചിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം ബഹു. കേരള ഹൈക്കോടതിയുടെ പരാമർശം 6-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊച്ചി കോർപ്പറേഷനിൽ കണ്ടിൻജന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ 01.06.2018 തീയതിയിൽ മരണപ്പെട്ട എസ്. മാരിയപ്പന്റെ മകൾ ശ്രീമതി എം വള്ളിയമ്മയ്ക്ക് കൊച്ചി കോർപ്പറേഷനിലോ എറണാകുളം ജില്ലയിലെ മറ്റേതെങ്കിലും നഗരസഭയിലോ കണ്ടിൻജന്റ് വിഭാഗത്തിൽ പരാമർശം 1 ലെ ഉത്തരവിന് വിധേയമായി നിയമനം നല്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബന്ധപ്പെട്ട നഗരസഭാ സെക്രട്ടറി/അർബൻ അഫയേഴ്സ് ഡയറക്ടർ ഒഴിവിന്റെ ലഭ്യതയനുസരിച്ച് മേൽപറഞ്ഞ അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാരിയെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോധ്യപ്പെടേണ്ടതും ചട്ട പ്രകാരമുള്ള മറ്റെല്ലാ നടപടി ക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നല്കുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

6. ടി ജോലി ലഭിക്കുന്നതിലേക്കായി അപേക്ഷക തെറ്റായ വിവരങ്ങൾ നൽകിയെന്ന് ബോധ്യപ്പെടുന്ന പക്ഷം ഈ ഉത്തരവ് റദ്ദാക്കുന്നതിനുള്ള അവകാശം സർക്കാരിനുണ്ടായിരിക്കുന്നതാണ്.

7. പരാമർശം 6-ലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം [illegible] ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)

സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ

ജില്ലാ കളക്ടർ, എറണാകുളം.

ശ്രീമതി എം. വള്ളിയമ്മ, ഹൗസ് നം XV/1782
രാമേശ്വരം കോളനി, നസ്രത്ത്, മട്ടാഞ്ചേരി, കൊച്ചി, 682002 എറണാകുളം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ